3. ദേശീയ വാർദ്ധക്യകാല പെൻഷൻ : കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് 60 വയസ്സിന് മുകളിൽ പ്രായമുള്ള കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയ്ക്കുള്ളിലുമായ വ്യക്തിക്ക് പെൻഷന് അർഹതയുണ്ട്.

4. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ : 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ടി പെൻഷൻ നൽകി വരുന്നു. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

(സി) 12-2-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 8/2015/സാനീവ നമ്പർ ഉത്തരവ് പ്രകാരം മറ്റ് പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിത വരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും.

(ഡി) 20-6-2014-ലെ ജി.ഒ. (എംഎസ്.) 52/14/സാനീവ ഉത്തരവ്, 12-2-2015-ലെ ജി.ഒ. (എം.എസ്.) 8/2015/സാനീവ ഉത്തരവ് ഇവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

സാമൂഹ്യക്ഷേമ പെൻഷനുകൾ

282 (1707) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നൽകിവരുന്ന പെൻഷനുകൾ ഏതെല്ലാമാണ് ;

(ബി) കഴിഞ്ഞ നാല് വർഷംകൊണ്ട് ഈ പെൻഷനുകൾക്കുണ്ടായിട്ടുള്ള വർദ്ധനവിന്റെ തോത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് ; എന്ത് തുക വീതമാണ് കുടിശ്ശികയുള്ളത് ;

(ഡി) കുടിശ്ശിക തുക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

(ബി) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പെൻഷനുകൾക്കുണ്ടായ വർദ്ധനവിന്റെ തോത് താഴെപ്പറയും പ്രകാരമാണ്.

1.	വികലാംഗപെൻഷൻ	- 500	രൂപ
(എ)	80 ശതമാനവും അതിനു മുകളിൽ അംഗവൈകല്യമുള്ളവർ	- 400	രൂപ
2.	അഗതി (വിധവ) പെൻഷൻ	- 500	രൂപ
3.	ദേശീയ വാർദ്ധക്യകാല പെൻഷൻ	- 300	രൂപ
(എ)	80 വയസ്സിനു മുകളിൽ പ്രായമുള്ളവർ	- 300	രൂപ
4.	50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	- 500	രൂപ

(സി) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയ്ക്ക് കുടിശ്ശികയുണ്ട്. കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ച തുക

283 (1708) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 2014-15 ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) അതിൽ ഏതൊക്കെ വിഭാഗത്തിൽ എത്ര തുക വീതം ലഭിച്ചു ; എത്ര തുക വീതം ഓരോ വിഭാഗവും ചെലവഴിച്ചു ; എത്ര തുക മിച്ചം ഉണ്ട്; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly